"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് -ഡിജി കേരളം പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനം - ചെലവ് തുകയ്ക്കുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ ജി) വകുപ്പ്**

സ.ഉ.(സാധാ) നം.**2070/2025/LSGD** തീയതി,തിരുവനന്തപുരം, **20-08-2025**

---

പരാമർശം:- **1.** തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **13-08-2025** തീയതിയിലെ **LSGD/PD/25344/2025-SPMC2** നമ്പർ കത്ത്

**<u>ഉത്തരവ്</u>**

"ഡിജി കേരളം" പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനം **21.08.2025** തീയതിയിൽ ബഹു. മുഖ്യമന്ത്രി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് നിർവഹിക്കുകയാണ്. പ്രസ്തുത പരിപാടിയുടെ നടത്തിപ്പിലേക്കായി സ്റ്റേജ്, അനുബന്ധ സൗകര്യങ്ങൾ എന്നിവ സജ്ജീകരിക്കേണ്ടതുണ്ട് എന്നും പരിപാടിയുടെ പ്രചരണത്തിനാവശ്യമായ തീയേറ്റർ പരസ്യം ഉൾപ്പടെയുള്ള പ്രചാരണ പരിപാടികളും നടത്തേണ്ടതായിട്ടുണ്ട് എന്നും പരാമർശം **(1)** പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അറിയിച്ചിട്ടുണ്ട്

ഈ സാഹചര്യത്തിൽ പരിപാടിയുടെ നടത്തിപ്പിലേയ്ക്കായി **C-DIT** സമർപ്പിച്ച **36,98,580/-** രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്കുള്ള ഭരണാനുമതിയും പരിപാടിയുടെ പ്രചാരണത്തിനാവശ്യമായ തീയേറ്റർ പരസ്യം ഉൾപ്പടെയുള്ള പ്രചാരണം നടത്തുന്നതിന് **10** ലക്ഷം രൂപയും ചേർത്ത് ആകെ **46,98,580/-** രൂപയുടെ ഭരണാനുമതി ഡിജി കേരളം പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപന പരിപാടിക്ക് നൽകണമെന്നും സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ പ്രിൻസിപ്പൽ ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥനായുള്ള **Modernisation & Upgradation** എന്ന ഇനത്തിന്റെ **2515-00-001-44-00-34-03** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും പരസ്യ പ്രചാരണത്തിനുള്ള **10** ലക്ഷം രൂപയും, **RGSA** ഫണ്ടിൽ നിന്നും, തദ്ദേശദിനാഘോഷ ഫണ്ടിൽ നിന്നും **18,49,290/-** രൂപ വീതവും ചേർത്ത് **C-DIT** ന് നൽകേണ്ട തുകയായ ആകെ **36,98,580/-** രൂപയും ചെലവ് ചെയ്യുന്നതിന് അനുമതി നൽകണമെന്നും പരാമർശം **(1)** പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **C-DIT** സമർപ്പിച്ച **36,98,580/-** രൂപയുടെ എസ്റ്റിമേറ്റ് തുകയ്ക്കുള്ള ഭരണാനുമതിയും പരിപാടിയുടെ പ്രചാരണത്തിനാവശ്യമായ തീയേറ്റർ പരസ്യം ഉൾപ്പടെയുള്ള പ്രചാരണം നടത്തുന്നതിന് **10** ലക്ഷം രൂപയും ചേർത്ത് ആകെ **46,98,580/-** രൂപയുടെ ഭരണാനുമതിയും സ്റ്റേറ്റ് പ്ലാൻ ഫണ്ടിലെ പ്രിൻസിപ്പൽ ഡയറക്ടർ നിർവഹണ ഉദ്യോഗസ്ഥനായുള്ള **Modernisation & Upgradation** എന്ന ഇനത്തിന്റെ **2515-00-001-44-00-34-03** എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും പരസ്യ പ്രചാരണത്തിനുള്ള **10** ലക്ഷം രൂപയും, **RGSA** ഫണ്ടിൽ നിന്നും തദ്ദേശ

ദിനാഘോഷ ഫണ്ടിൽ നിന്നും 18,49,290/- രൂപ വീതവും ചേർത്ത് C-DIT ന് നൽകേണ്ട തുകയായ ആകെ 36,98,580/- രൂപയും ചെലവ് ചെയ്യുന്നതിനുള്ള അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിത റ്റി.ആർ
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ ഡയറക്ടറേറ്റ് ,തിരുവനന്തപുരം
ഡയറക്ടർ, C -DIT , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (E&RSA/G&SSA) കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം( വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (LSGD-EG2/163/2025/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Manikkuttan R
Date: 20-08-2025 18:26:09
സെക്ഷൻ ഓഫീസർ

പകർപ്പ്
തദ്ദേശ സ്വയം ഭരണ, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി എ യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയ്ക്ക്.
ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്